പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. T 1472

14/12/2012-ൽ മറുപടിക്ക്

ജനശ്രീ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ചന്ദ്രൻ | ഡോ. എം. കെ. മുനീർ<br>ബഹു: പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി |
| (എ) ജനശ്രീ പോലുള്ള സ്വകാര്യ സംരംഭങ്ങൾക്ക് എന്തെങ്കിലും സഹായം അനുവദിച്ചിട്ടുണ്ടോ ; | (എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും ജനശ്രീയ്ക്ക് സഹായം അനുവദിച്ചിട്ടില്ല. |
| (ബി) കുടുംബശ്രീ പ്രവർത്തകർ നടത്തിയ സമരത്തെ തുടർന്ന് ഉണ്ടാ ക്കിയ ഒത്തു തീർപ്പ് വ്യവസ്ഥ കൾ എന്താണ്; വിശദ മാക്കുമോ; | (ബി) കുടുംബശ്രീ പ്രവർത്തകരുടെ സമരത്തെ തുടർന്ന് ഉണ്ടാക്കിയ ഒത്തു തീർപ്പ് വ്യവസ്ഥകൾ താഴെപറയുന്നു.<br><br>1. കേന്ദ്രസർക്കാർ അംഗീകരിച്ച പ്രോജക്ട് രേഖയിൽ പറയുന്നപോലെ കുടുംബശ്രീ മിഷൻ ദേശീയ ഉപജീവന മിഷന്റെ കേരളത്തിലെ നോഡൽ ഏജൻസിയായിരിക്കും.<br><br>2. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് 5–7 ശതമാനം പലിശ നിരക്കിൽ വായ്പ ലഭ്യമാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. അത് ഉടനടി നടപ്പിലാക്കും. എൻ.ആർ.എൽ.എം.ന്റെ പലിശ സബ്സിഡി സ്കീം ഇതുമായി ബന്ധിപ്പിക്കും. (പലിശ 4 ശതമാനമാക്കാൻ സർക്കാർ പരിശ്രമിക്കും)<br><br>3. കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഭവനശ്രീ പദ്ധതി പ്രകാരം സഹകരണ ബാങ്കിൽ നിന്നെടുത്ത വായ്പാ തിരിച്ചടവ് സർക്കാർ ഏറ്റെടുത്തിട്ടുണ്ട്. ഭവനശ്രീ വായ്പയാണെന്ന് പരിശോധിച്ച് ഉറപ്പാക്കിയ ശേഷം അത് ഉടൻ നടപ്പിലാക്കും. (ഏകദേശം 12.16 കോടി രൂപ)<br><br>4. കുടുംബശ്രീക്ക് ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ട്. ഇനി ആവശ്യമുണ്ടായാൽ നൽകും.<br><br>5. മൾട്ടിപ്പിൾ ലോൺ ഉണ്ടാക്കാവുന്ന സാമ്പത്തിക ബാധ്യതയും കടക്കെണിയും പരിഗണിച്ച് അവ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കും |

6. മേറ്റ് തെരഞ്ഞെടുപ്പിൽ സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങളിൽ എ.ഡി.എസ് അംഗത്വം ഒരു മാനദണ്ഡമായി ഉൾപ്പെടുത്തും. മാനദണ്ഡ പ്രകാരം പഞ്ചായത്ത് മേറ്റ് പട്ടിക തയ്യാറാക്കി മുൻകൂട്ടി പ്രസിദ്ധീകരിക്കും. ഇതിൽ നിന്നും റൊട്ടേഷൻ അടിസ്ഥാനത്തിലായിരിക്കും മേറ്റിനെ നിശ്ചയിക്കുക.

7. ജനശ്രീക്ക് നൽകിയ ആർ.കെ.വി ഫണ്ട് സംബന്ധിച്ച് ബഹു:കേന്ദ്രമന്ത്രി ശ്രീ.പവാറിന് ലഭിച്ച പരാതിയുടെ അടിസ്ഥാനത്തിൽ അദ്ദേഹം എടുക്കുന്ന തീരുമാനം സർക്കാർ അംഗീകരിക്കും. സമരസമിതിക്ക് ഇനിയും പരാതിയുണ്ടെങ്കിൽ നേരിട്ട് കേന്ദ്രമന്ത്രിക്ക് അയച്ചുകൊടുക്കാവുന്നതാണ്.

| | | |
|---|---|---|
| (സി) | കരാർ പ്രകാരമുള്ള ഒത്തുതീർപ്പ് വ്യവസ്ഥകൾ നടപ്പാക്കാതിരിക്കുവാനുള്ള ശ്രമം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഉണ്ടെങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ